പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2797 — 10/03/2017-ൽ മറുപടിയ്ക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ.എം.വിൻസെന്റ് — പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

ലോക്കൽ ഗാർഡിയൻ

(എ) മാതാപിതാക്കൾ നഷ്ടപ്പെട്ടതോ അല്ലെങ്കിൽ അതുപോലുള്ള സാഹചര്യത്തിലുള്ള കുട്ടികളെ സ്കൂളിൽ ചേർക്കുമ്പോൾ അപേക്ഷ ഫാറത്തിന്റെ 4- ാം കോളത്തിൽ ലോക്കൽ ഗാർഡിയന്റെ പേരും മേൽവിലാസവും എഴുതുന്നതിനാൽ കുട്ടിയുടെ സംരക്ഷണവും ഉത്തരവാദിത്വവും ഏറ്റെടുക്കുന്ന ഇത്തരക്കാർക്ക് സാധാരണ രക്ഷകർത്താക്കൾക്ക് നൽകുന്ന എല്ലാ അധികാരങ്ങളും കുട്ടിയുടെ പഠനകാലത്ത് നൽകാനുള്ള നടപടി സ്വീകരിച്ച് ഉത്തരവുണ്ടാകുമോ?

(എ) സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷ ഫോറമായ കെ.ഇ.ആർ.ഫോം 3 ലെ 2-ാം കോളത്തിൽ മാതാപിതാക്കളുടെ/രക്ഷിതാവിന്റെ പേര് നിർബന്ധമായും എഴുതേണ്ടതുണ്ട്. കാരണം മാതാവും പിതാവും ജീവിച്ചിരുന്നാലും ഇല്ലെങ്കിലും അവരുടെ പേരുകൾ എസ്.എസ്.എൽ.സി.യിൽ രേഖപ്പെടുത്തുന്നുണ്ട് എന്നതാണ്. ഈ ഫോമിന്റെ നാലാം കോളത്തിൽ ലോക്കൽ ഗാർഡിയന്റെ പേരുവിവരം ചേർക്കാൻ ആവശ്യപ്പെടുന്നുണ്ട്. സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലെ വിവരങ്ങളാണ് ഒരു കുട്ടിയെ സംബന്ധിച്ച് ആധികാരികമായിട്ടുള്ളത്. കെ.ഇ.ആർ.ഫോം 4 ൽ എഴുതി സൂക്ഷിക്കുന്ന അഡ്മിഷൻ രജിസ്റ്ററിന്റെ മൂന്നാം കോളത്തിൽ മാതാപിതാക്കളുടെ/രക്ഷിതാവിന്റെ പേരു വിവരങ്ങൾ മാത്രമാണ് ചേർക്കാൻ നിർദ്ദേശമുള്ളത്. അതുകൊണ്ട് തന്നെ ഈ കോളത്തിൽ പേര് ചേർക്കപ്പെടുന്ന ആളിനാണ് കുട്ടിയുടെ രക്ഷിതാവെന്ന നിലയിലുള്ള അധികാരാവകാശങ്ങൾക്ക് അർഹതയുള്ളത്.

സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷയിൽ സൂചിപ്പിക്കുന്ന 'ലോക്കൽ ഗാർഡിയന്'

കുട്ടിയുടെ മാതാപിതാക്കളുടെ അഭാവത്തിൽ രക്ഷിതാവിനുള്ള അധികാരാവകാശങ്ങൾ പൂർണ്ണമായും നൽകാനാവില്ല.

സെക്ഷൻ ഓഫീസർ